MANGALAM
16 June 2015

# പാഴ്ച്ചെലവിന്റെ ദുബായ് റൂട്ട്

## ■ ദുബായിൽനിന്ന് മെഷിനറി ഇറക്കുമതിക്ക് മലബാർ സിമെന്റ്സ്

■ സ്വന്തം ലേഖകൻ
കൊച്ചി

വൻകിട മെഷിനറികൾ ഒന്നും നിർമിക്കാത്ത ദുബായിൽനിന്ന് അവ ഇറക്കുമതി ചെയ്യാനായി മലബാർ സിമെന്റ്സിന്റെ നീക്കം. ഇതിന്റെ ഭാഗമായി യു.എ.ഇയിലെ പത്രത്തിൽ പരസ്യം നൽകി ദുബായിൽ വിതരണക്കാരുടെ യോഗവും വിളിച്ചു. വെണ്ടർ മീറ്റ് എന്ന പേരിലാണ് പരസ്യം നൽകിയത്.

ക്ലിങ്കർ, ഒ.പി.സി സിമെന്റ്, ചുണ്ണാമ്പുകല്ല്, സ്ളാഗ്, ജി.ജി.ബി.എഫ്.എസ്, മണൽ, വൻകിട മെഷിനറികൾ, സിമെന്റ് പ്ലാന്റ്, ഖനന മെഷിനറികൾ, ഇവയുടെ അനുബന്ധ സാമഗ്രികൾ തുടങ്ങിയവ വിതരണം ചെയ്യാൻ കഴിയുന്നവരെയാണ് യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്.

എന്നാൽ, കമ്പനി നൽകിയ പരസ്യത്തിൽ പറയുന്നവയിൽ ക്ലിങ്കറും സിമെന്റും ഒഴികെ മറ്റൊന്നും അറബ് രാജ്യത്ത് ഉത്പാദിപ്പിക്കുന്നില്ല. സിമെന്റും ക്ലിങ്കറും വൻതോതിൽ കയറ്റിയയയ്ക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ യു.എ.ഇ. ഉൾപ്പെട്ടിട്ടുമില്ല. അറബ് രാജ്യത്ത് ചുണ്ണാമ്പുകല്ല് ഉണ്ടെങ്കിലും അതിന്റെ കടത്തുകൂലി താങ്ങാവുന്നതിനും അപ്പുറമാണ്. ദുബായിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഇന്ത്യയിൽ ലഭ്യമായ സാധനങ്ങളാണ് കമ്പനി ഇറക്കുമതി ചെയ്യാനുദ്ദേശിക്കുന്നത്. വാളയാറിലും ചേർത്തലയിലും അറ്റകുറ്റപ്പണികളുടെ പേരിൽ സിമെന്റ് ഉത്പാദനത്തിൽ വൻ കുറവാണ് ഉണ്ടാകുന്നത്. ചേർത്തല പ്ലാന്റിലേക്കായി ജനുവരിയിൽ ഇറക്കുമതി ചെയ്ത 27,000 ടൺ ക്ലിങ്കർ പോലും ഉപയോഗിച്ചു തീർന്നിട്ടില്ലെന്നാണ് വിവരം. അതിനിടെ 33,000 ടൺ ക്ലിങ്കറും കൊച്ചിയിലെത്തി. കരാർ പ്രകാരം ഇനിയും ക്ലിങ്കറുമായി കപ്പലെത്തും.

ജനുവരിയിൽ ഉദ്ദേശിച്ചിരുന്ന ചേർത്തല പ്ലാന്റിന്റെ ഉദ്ഘാടനം കഴിഞ്ഞ മെയ് 26-നാണ് നടന്നത്. രണ്ടരക്കോടി രൂപയുടെ നവീകരണമാണ് ഇതിനു മുന്നോടിയായി നടത്തിയത്. 20 കോടിയോളം രൂപ നികുതിയും അടച്ചു. വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ 1.75 കോടി രൂപയോളം ചെലവായി. ഇത്രയൊക്കെ ചെയ്തിട്ടും സിമെന്റ് മില്ല് മെയിൻ ബെയറിംഗ് പോയതിന്റെ പേരിൽ ഇവിടെ ഉത്പാദനം മുടങ്ങി. ഇറക്കുമതി ചെയ്ത ക്ലിങ്കർ മുഴുവൻ സൂക്ഷിക്കാനുള്ള സൗകര്യം പോലും ചേർത്തലയിലില്ല. കൊച്ചി തുറമുഖത്ത് വാടക നൽകിയാണ് ക്ലിങ്കർ സൂക്ഷിക്കുന്നത്.

സിമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സിമെന്റ് വാങ്ങി വിൽക്കാൻ ശ്രമിച്ചതും നേരത്തെ ക്ലിങ്കർ ഇറക്കുമതി ചെയ്തതും നഷ്ടത്തിനിടയാക്കിയതായി എ.ജി റിപ്പോർട്ടിൽ പരാമർശവുമുണ്ട്.

ദുബായിൽ കമ്പനി ആവശ്യപ്പെടുന്ന സാധനങ്ങളുടെ ഉത്പാദകരില്ലാത്തതിനാൽ വീണ്ടും ഇടനിലക്കാർ രംഗപ്രവേശനം ചെയ്യാനാണ് സാധ്യത. കമ്പനി നേരിട്ടു വാങ്ങുന്നതിനു പകരം ഇടനിലക്കാർ വഴി എത്തിക്കുന്ന സാധനങ്ങളുടെ നിലവാരവും വാറന്റിപോലുള്ള കാര്യങ്ങളും ഉറപ്പിക്കാനാവില്ല.